പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2844.

27.01.2014-ലെ മറുപടിയ്ക്ക്

## കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ | | **ശ്രീ.എ.പി.അനിൽകുമാർ** (ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. ദേശീയ തലത്തിലുള്ള കൺസൾട്ടന്റുമാരിൽ നിന്നും ബിഡ്ഡിംഗിലൂടെയാണ് പ്രസ്തുത പ്രവൃത്തിക്കുള്ള ഏജൻസിയെ കണ്ടെത്തുന്നത്. ഏജൻസിയെ സെലക്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു വേണ്ട ഏജൻസിയെ തെരഞ്ഞെടുക്കുന്നതാണ് ആദ്യഘട്ടം. അതിനു വേണ്ടി ബിഡ്ഡുകൾ ക്ഷണിക്കുകയും, ലഭ്യമായ ടെക്നിക്കൽ ബിഡ്ഡുകൾ വിശകലനം ചെയ്ത ശേഷം യോഗ്യരായ ഏജൻസികൾ തങ്ങളുടെ സാങ്കേതിക മികവ് പ്രകടിപ്പിക്കുന്നതിനായി പ്രസന്റേഷൻ നടത്തുകയും ഇതിൽ ലഭിക്കുന്ന പോയിന്റും ഫിനാൻഷ്യൽ പ്രൊപ്പോസലിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും ആനുപാതികമായി കണക്കാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്ന ഏജൻസിയെയാണ് പ്രസ്തുത പ്രവൃത്തി ഏൽപ്പിക്കുന്നത്. ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | കൺസൾട്ടന്റിനെ നിശ്ചയിച്ചു കഴിഞ്ഞാൽ നിശ്ചിത സമയപരിധിക്കുള്ളിൽ വിവിധ ഘട്ടങ്ങളിലുള്ള റിപ്പോർട്ട് നൽകേണ്ടതാണ്. |
| (സി) | ഇത് എന്നത്തേക്ക് സമർപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | കൺസൾട്ടന്റിനെ നിശ്ചയിച്ചു കഴിഞ്ഞാൽ 6 മാസക്കാലയളവിൽ മാസ്റ്റർ പ്ലാന് അന്തിമ രൂപം നൽകാനാകും. |

സെക്ഷൻ ഓഫീസർ